പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 862 30/01/2019 ൽ മറുപടിക്ക്

**കുളമ്പ് രോഗനിയന്ത്രണം**

ചോദ്യം

ശ്രീ.ആർ. **രാമചന്ദ്രൻ:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കുളമ്പ് രോഗം പടർന്ന് പിടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും രോഗബാധയുള്ള മൃഗങ്ങളെ കശാപ്പിനായി കൊണ്ടുവരുമ്പോൾ അവ വഴിയെത്തുന്ന രോഗാണുക്കൾ കശാപ്പ് മാലിന്യങ്ങളിലൂടെയും ജലസ്രോതസ്സുകളിലൂടെയും പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത പശുക്കളിലെത്തി ശക്തിയാർജ്ജിക്കുന്നു.<br>2) പുറമേനിന്നും വാങ്ങിക്കൊണ്ടുവരുന്ന പശുക്കളെ പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത പശുക്കളോടൊപ്പം പാർപ്പിക്കുമ്പോൾ (വാങ്ങിക്കൊണ്ടു വന്ന പശുക്കൾക്ക് നേരത്തേ കുളമ്പുരോഗ ബാധയുണ്ടായിട്ടുണ്ടെങ്കിൽ അവയിൽ രോഗലക്ഷണങ്ങളില്ലെങ്കിലും വളരെ നാളത്തേക്ക് അവ രോഗാണു വാഹകരായിരിക്കും.) അത്തരം പശുക്കളിൽ നിന്നും വൈറസ് ശക്തിയാർജ്ജിച്ച് പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത പശുക്കളിൽ മിതമായ തോതിൽ രോഗബാധയുണ്ടാക്കുവാൻ സാധിക്കും. |
| ബി) | കുളമ്പ് രോഗം നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാം എന്ന് വിശദീകരിക്കുമോ; | ബി) | **കുളമ്പുരോഗ നിയന്ത്രണ പദ്ധതി:-**<br>രാജ്യത്തെ കന്നുകാലി സമ്പത്തിനെ കുളമ്പുരോഗം മൂലമുള്ള കെടുതികളിൽ നിന്നും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആറുമാസ ഇടവേളകളിൽ രാജ്യമൊട്ടുക്കുമുള്ള കന്നുകാലികളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കുന്നതിനായി കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചത്. എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതി 2004 മുതൽ നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കി വരുന്നു. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സജ്ജീകരണങ്ങളോടെ ഓരോ ഘട്ടം പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിയും വിപുലമായ പ്രചരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മിൽമ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയും കൃത്യമായ ആറു മാസ ഇടവേളകളിൽ നടത്തിവരുന്നു.<br><br>21 ദിവസം നീണ്ടുനിൽക്കുന്ന പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിയിൽ മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള വാക്സിനേഷൻ സ്ക്വാഡുകൾ കർഷക ഭവനം സന്ദർശിച്ച് കന്നുകാലികളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കുകയും വിവരങ്ങൾ കമ്പ്യൂട്ടർ ടാബുകൾ മുഖേന രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. ഒരു മൃഗത്തിന് രൂ. 10/- (രൂപ പത്ത് മാത്രം) നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത്/ താലൂക്ക്/ ജില്ല/ സംസ്ഥാന തലങ്ങളിൽ പദ്ധതിയുടെ പുരോഗതി പ്രതിദിനം വിലയിരുത്തപ്പെടുകയും ചെയ്യുന്നു. |
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കന്നുകാലികൾക്ക് രോഗപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | സി) | **സ്വീകരിക്കാവുന്നതാണ്.** സംസ്ഥാനത്ത് നിലവിൽ 18 ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ചെക്ക്പോസ്റ്റുകൾ കൂടാതെ ധാരാളം ഇടറൂട്ടുകളും സംസ്ഥാനത്തുണ്ട്. ഈ വഴിയെല്ലാം ധാരാളം മൃഗങ്ങൾ സംസ്ഥാനത്ത് പ്രവേശിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങളും മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനവും ഊർജ്ജിതമാക്കുന്നത് മുഖാന്തിരം ഈ മൃഗങ്ങളുടെ വരവ് തടയാനാകും. |
| ഡി) | കുളമ്പ് രോഗ നിയന്ത്രണത്തിനും പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനും വേണ്ടി താല്ക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുമോ;വിശദമാക്കാമോ? | ഡി) | പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനു വേണ്ടി നിലവിലെ സാഹചര്യത്തിൽ താത്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാറില്ല. എന്നാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ വാക്സിനേറ്റേഴ്സിനെയും, ഹെൽപ്പേഴ്സിനെയും നിയമിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ